പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6738

01.11.2011-ൽ മറുപടിയ്ക്ക്

**ശബരിമല ശുചീകരണ പദ്ധതി**

ചോദ്യം

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്ചുതൻ

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,

ഗതാഗതവും ദേവസ്വവും

വകുപ്പു മന്ത്രി.

(എ) ശബരിമലയിൽ ശുചീകരണത്തിനായി ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ;

(എ) ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ ശുചീകരണ ജോലികൾ പത്തനംതിട്ട ജില്ലാ കളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ശബരിമല സാനിട്ടേഷൻ സൊസൈറ്റിയാണ് നടത്തിവരുന്നത്. ഇതിലേയ്ക്കായി സർക്കാർ പത്തനംതിട്ട ജില്ലയ്ക്ക് 20 ലക്ഷം രൂപയും, കോട്ടയം ജില്ലയ്ക്ക് 10 ലക്ഷം രൂപയും ഗ്രാൻറ് അനുവദിച്ചു. ശുചീകരണത്തിന് വിവിധ പഞ്ചായത്തുകൾക്കും സ്പെഷ്യൽ ഗ്രാൻറ് അനുവദിക്കുന്നുണ്ട്. കൂടാതെ ദേവസ്വം ബോർഡും ജില്ലാ കളക്ടർമാർക്ക് ഗ്രാൻറ് അനുവദിച്ചിട്ടുണ്ട്. ദേവസ്വം ബോർഡിൻെറ ചുമതലയുള്ള കെട്ടിടങ്ങളും മറ്റും ശുചീകരിക്കുവാൻ ദേവസ്വം ബോർഡിൻെറ നേതൃത്വത്തിൽ ക്രമീകരണങ്ങൾ നടത്തി വരുന്നു. ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി, ദേവസ്വം ബോർഡ്, നിലയ്ക്കലിൽ 400 കിലോഗ്രാം/മണിക്കൂർ ശേഷിയുള്ള ഒരു പുതിയ ഇൻസിനറേറ്ററും പമ്പയിൽ 400 കിലോഗ്രാം/മണിക്കൂറിൽ ശേഷിയുള്ള ഒരു പുതിയ ഇൻസിനറേറ്ററും 200 കിലോഗ്രാം/മണിക്കൂറിൽ ശേഷിയുള്ള പഴയ ഒരു ഇൻസിനറേറ്ററും, ശബരിമലയിൽ 400 കിലോഗ്രാം/മണിക്കൂറിൽ ശേഷിയുള്ള പുതിയ ഇൻസിനറേറ്ററും, 300 കിലോഗ്രാം/മണിക്കൂറിൽ ശേഷിയുള്ള ഒരു ഇൻസിനറേറ്ററും പ്രവർത്തിപ്പിച്ചു വരുന്നു. കൂടാതെ പമ്പയിൽ ദ്രവമാലിന്യ നിർമ്മാർജ്ജനത്തിനായി 3.5 എം.എൽ.ഡി. ശേഷിയുള്ള ഒരു സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറും പ്രവർത്തിപ്പിക്കുന്നു. കൂടാതെ മാലിന്യ നിർമ്മാർജ്ജനത്തിനായി കേരളാ പൊല്യൂഷൻ കൺട്രോൾ ബോർഡിൻെറ നിർദ്ദേശാനുസരണം പമ്പയിലും ശബരിമലയിലും താൽക്കാലിക സംവിധാനങ്ങളും സജ്ജീകരിക്കുന്നതാണ്.

— —

| | | | |
|---|---|---|---|
| (ബി) | ശുചീകരണത്തിനായി ബൃഹത് പദ്ധതിയ്ക്ക് കേന്ദ്ര സഹായത്തിന് അഭ്യർത്ഥിച്ചിട്ടുണ്ടോ ; | (ബി) & (സി) | പമ്പാ നദിയെ മാലിന്യ മുക്തമാക്കാൻ കേന്ദ്ര സർക്കാർ അംഗീകരിച്ച പമ്പ ആക്ഷൻ പ്ലാൻ അനുസരിച്ചുള്ള വിവിധ പ്രവൃത്തികൾ നടന്നു വരുന്നു. സന്നിധാനം, പമ്പ എന്നിവിടങ്ങളിൽ പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മാലിന്യമുക്ത ശബരിമല എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൻെറ ഭാഗമായി ശബരിമല പ്രദേശം മൊത്തത്തിൽ ശുചീകരിക്കുന്നതിനുള്ള പ്രവൃത്തി നവംബർ 7-ന് ആരംഭിക്കുന്നുണ്ട്. വിവിധ സന്നദ്ധ സംഘടനകളും ഈ സംരംഭത്തിൽ സഹകരിക്കുന്നുണ്ട്. |
| (സി) | ഇതിന് സംസ്ഥാനത്തും ദേശീയ തലത്തിലുമുള്ള വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തി പദ്ധതി ആസൂത്രണം ചെയ്യുമോ? | | |

സെക്ഷൻ ഓഫീസർ